പൂട്ടിക്കിടക്കുന്ന പ്രിമോ പൈപ്പ് ഫാക്ടറി

21 [332] *ശ്രീ. എ. സി. ഷണ്മുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിലുള്ള പുത്തൂരിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ളതും പൂട്ടിക്കിടക്കുന്നതുമായ പ്രിമോ പൈപ്പ് ഫാക്ടറിയുടെ സ്ഥലം വൈദ്യുതി പോസ്റ്റ് ഉണ്ടാക്കുന്നതിന് ഉപകരിക്കുമോ എന്ന് വൈദ്യുതി ബോർഡ് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്ത് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന വൈദ്യുതി ഉൽപ്പാദന പദ്ധതികൾ

22 [333] *ശ്രീ. എ. സി. ഷണ്മുഖദാസ്:*

,, കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 ആകുമ്പോഴേക്കും രാജ്യത്തിനാവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ പത്ത്, പതിനൊന്ന് എന്നീ പഞ്ചവൽസര പദ്ധതിക്കാലത്ത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടത്തുന്ന ഏതെല്ലാം പദ്ധതികൾ ആണ് സംസ്ഥാനത്ത് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) എത്ര ഉൽപ്പാദനശേഷിയാണ് ഇവയ്ക്കുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഒൻപത് - പത്ത് പദ്ധതിക്കാലത്ത് സംസ്ഥാനത്ത് വൈദ്യുതി പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ച സാമ്പത്തിക സഹായം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര മെഗാ വാട്ട് വൈദ്യുതി കൂടുതലായി ഉല്പാദിപ്പിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) പത്താം പഞ്ചവത്സര പദ്ധതി

1.	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	...	100 മെഗാവാട്ട്
2.	നേര്യമംഗലം എക്സ്റ്റൻഷൻ	...	25 മെഗാവാട്ട്
3.	വഴിക്കടവ് ഡൈവേർഷൻ	...	24 മില്ല്യൺ യൂണിറ്റ്
4.	ഉറുമി I	...	3.75 മെഗാവാട്ട്
5.	ഉറുമി II	...	2.4 മെഗാവാട്ട്
6.	ചെമ്പുകടവ് I	...	2.75 മെഗാവാട്ട്
7.	ചെമ്പുകടവ് II	...	3.75 മെഗാവാട്ട്
8.	വടക്കേപ്പുഴ ഡൈവേർഷൻ	...	12 മില്ല്യൺ യൂണിറ്റ്
9.	മലങ്കര	...	10.5 മെഗാവാട്ട്
10.	കുറ്റ്യാടി ആഗ്മെന്റേഷൻ	...	223 മില്ല്യൺ യൂണിറ്റ്
11.	കുറ്റ്യാടി ടെയിൽ റേസ്	...	3.75 മെഗാവാട്ട്
12.	ലോവർ മീൻമുട്ടി	...	3.5 മെഗാവാട്ട്
13.	അഴുത ഡൈവേർഷൻ	...	57 മില്ല്യൺ യൂണിറ്റ്

പതിനൊന്നാം പഞ്ചവത്സര പദ്ധതി

1.	മാങ്കുളം	...	40 മെഗാവാട്ട്
2.	പമ്പാർ	...	40 മെഗാവാട്ട്
3.	പള്ളിവാസൽ എക്സ്റ്റൻഷൻ	...	60 മെഗാവാട്ട്
4.	ആതിരപ്പള്ളി	...	163 മെഗാവാട്ട്
5.	അച്ചൻകോവിൽ	...	30 മെഗാവാട്ട്
6.	തോട്ടിയാർ	...	40 മെഗാവാട്ട്
7.	ചിന്നാർ	...	28 മെഗാവാട്ട്
8.	ചെളിക്കല്ലാർ	...	15 മെഗാവാട്ട്
9.	പെരുന്തേനരുവി	...	6 മെഗാവാട്ട്
10.	ചെങ്കുളം ടെയിൽറേസ്	...	3.6 മെഗാവാട്ട്
11.	ചെമ്പുകടവ് സ്റ്റേജ് II	...	7.5 മെഗാവാട്ട്
12.	വാക്കല്ലാർ	...	20 മെഗാവാട്ട്
13.	ബാരപ്പോൾ	...	21 മെഗാവാട്ട്

GPM. 2/360/2012.—10

LIBRARY ARCHIVES Kerala Legislative Assembly

ഇതു കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി.യുടെ കായംകുളത്തെ രാജീവ് ഗാന്ധി കമ്പയിൻഡ് പവ്വർ പ്ലാന്റിന്റെ 1950 മെഗാവാട്ട് വിപുലീകരണ പദ്ധതിയും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഒൻപതാം പദ്ധതിക്കാലത്ത് കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ പത്താം പദ്ധതിക്കാലത്ത് ആക്സിലറേറ്റഡ് പവ്വർ ഡവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ആകെ 11527.5 ലക്ഷം രൂപ ഗ്രാന്റായും അത്രയും തന്നെ തുക ലോൺ ആയും ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ നേര്യമംഗലം പദ്ധതിക്ക് 2002-03-ൽ ഇൻഡോ-സ്വിസ് ജോയിന്റ് ക്രഡിറ്റ് പ്രകാരം 179.05 ലക്ഷം രൂപ ഗ്രാന്റായും പ്രധാൻമന്ത്രി ഗ്രാമീൺ യോജന (പി.എം.ജി.വൈ.) പ്രകാരം 2002-03-ൽ ഗ്രാന്റായി 178.35 ലക്ഷം രൂപയും ലോൺ ആയി 416.15 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമെ 2002-03 സാമ്പത്തിക വർഷം റവന്യൂ കമ്മി കുറച്ചതിന് എ.പി.ഡി.ആർ.പി.-യിൽ നിന്നും 6494 ലക്ഷം രൂപ ഇൻസെന്റീവ് ആയി അനുവദിച്ചിട്ടുണ്ട്.

(ഡി) സ്ഥാപിതശേഷിയിൽ 84.60 മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് കൂടാതെ 24 മില്ല്യൺ യൂണിറ്റിന്റെ വഴിക്കടവ് ഡൈവേർഷൻ പദ്ധതിയും പൂർത്തിയായിട്ടുണ്ട്.

വൈദ്യുത പദ്ധതികൾ

23 [334] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കാൻ തീരുമാനിച്ച വൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

24 [335] *ശ്രീ. പി. എസ്. സുപാൽ:*

„ *പി. നാരായണൻ:*

„ *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly